"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ശുചിത്വ മിഷനിലെ ഡയറക്ടർ (ഓപ്പറേഷൻ) തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചു വരുന്ന തദ്ദേശസ്വയംഭരണ (നഗരകാര്യം) വകുപ്പ് ജോയിന്റ് ഡയറക്ടർ ശ്രീമതി.നീതു ലാൽ.ബി.-യുടെ അന്യത്രസേവന കാലാവധി ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐ.എ.) വകുപ്പ്**

സ.ഉ.(സാധാ) നം.130/2026/LSGD തീയതി, തിരുവനന്തപുരം, 16-01-2026

---

പരാമർശം:-
1. 10/05/2013-ലെ സർക്കുലർ നം.42/2013/ധന
2. 28/11/2013-ലെ സ.ഉ.(സാധാ) നം. 580/2013/ധന
3. 24/02/2023-ലെ സ.ഉ.(സാധാ)നം.478/2023/തസ്വഭവ
4. 08/02/2024-ലെ സ.ഉ.(സാധാ)നം.330/2024/തസ്വഭവ
5. 23/01/2025-ലെ സ.ഉ.(സാധാ) നം.235/2025/തസ്വഭവ
6. ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 22/12/2025-ലെ SM/1415/2024-B നമ്പർ കത്ത്

**ഉത്തരവ്**

തദ്ദേശസ്വയംഭരണ (നഗരകാര്യം) വകുപ്പിൽ മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ്-I തസ്തികയിലുള്ള ശ്രീമതി.നീതുലാൽ.ബി -യ്ക്ക് ജോയിന്റ് ഡയറക്ടർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകി ശുചിത്വമിഷനിൽ ഡയറക്ടർ (ഓപ്പറേഷൻസ്) തസ്തികയിലേയ്ക്ക് പരാമർശം (3) പ്രകാരം അന്യത്രസേവന വ്യവസ്ഥയിൽ നിയമനം നൽകുകയും, പരാമർശം (4), (5) പ്രകാരം കാലാവധി ഓരോ വർഷങ്ങളിലായി ദീർഘിപ്പിച്ചു നൽകുകയും ചെയ്തിരുന്നു. ടിയാളുടെ അന്യത്രസേവന കാലാവധി 27.02.2026-ൽഅവസാനിക്കുന്ന സാഹചര്യത്തിൽ ആയത് 28/02/2026 മുതൽ ഒരു വർഷം കൂടി ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം (6) പ്രകാരം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ (നഗരകാര്യം) വകുപ്പ് ജോയിന്റ് ഡയറക്ടർ ശ്രീമതി. നീതുലാൽ. ബി.-യുടെ ശുചിത്വ മിഷനിലെ ഡയറക്ടർ (ഓപ്പറേഷൻസ്) തസ്തികയിലെ അന്യത്രസേവന കാലാവധി കെ.എസ്.ആർ. ഭാഗം-1 ചട്ടം 140 (സി) യിലെ വ്യവസ്ഥകൾക്കും അന്യത്രസേവനം സംബന്ധിച്ച് പരാമർശം (1), (2) എന്നിവയിലെ മാനദണ്ഡങ്ങൾക്കും വിധേയമായി 28/02/2026 മുതൽ ഒരു വർഷത്തേയ്ക്കു കൂടി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LALI K

ജോയിന്റ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്

ശ്രീമതി.നീതു ലാൽ. ബി. (പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ ജി&എസ്.എസ്.എ.), കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (IA2/222/2025/LSGD)

ഉത്തരവിൻ പ്രകാരം

Signed by
Alex G C
Date: 16-01-2026 11:04:12

സെക്ഷൻ ഓഫീസർ